# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3261 — 11.05.2017 ലെ മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളെയും ചെറുകിട കയർ ഉത്പാദക യൂണിറ്റുകളെയും സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | ഉത്തരം<br>ഡോ. ടി.എം.തോമസ്സ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| എ) ചെറുകിട കയർ ഉത്പാദകരുടെ ഉത്പന്നങ്ങൾ സംസ്ഥാനത്തെ പൊതു മേഖലാ കയർ വ്യവസായ ശാലകൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | എ)കയർഫെഡ്, കയർകോർപ്പറേഷൻ, ഫോമിൽ എന്നിവയാണ് കയർ മേഖലയിൽ പ്രവർത്തിക്കുന്ന അപ്പെക്സ്- പൊതുമേഖല സ്ഥാപനങ്ങൾ. ഇവ കയറും കയറുൽപ്പന്നങ്ങളും സംഭരിക്കുന്നുണ്ട്. കയർ വ്യവസായ മേഖലയിലെ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ആദ്യ ഘട്ടത്തിൽ സഹകരണ സംഘങ്ങളെയാണ് ഈ സംഭരണത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ കയർ ഉപയോഗിച്ച് നെയ്യുന്ന കയർ ഉല്പന്നങ്ങൾ കയർ കോർപ്പറേഷന്റെ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും. ഇതാണ് കയർ മേഖലയിലെ സർക്കാർ നയം. 2016-17 വർഷത്തിൽ ക്രയവില സ്ഥിരത പദ്ധതിപ്രകാരം 77 കോടി രൂപ കയർഫെഡിനും, കയർ കോർപ്പറേഷനും നൽകിയിട്ടുണ്ട്. |
| ബി)തകർച്ചയുടെ വക്കിലെത്തി നിൽക്കുന്ന കയർ സഹകരണ സംഘങ്ങളെയും ചെറുകിട കയർ ഉത്പാദക യൂണിറ്റുകളെയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കുമോ? | ബി) . കയർ സഹകരണ സംഘങ്ങളുടേയും ചെറുകിട ഉല്പാദക യൂണിറ്റുകളുടേയും സംരക്ഷണത്തിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയോ വരുമാനത്തെയോ ബാധിക്കാത്ത വിധത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടത്തി കയർ മേഖലയെ ആധുനികവൽക്കരിക്കുക എന്നുള്ളതാണ് സർക്കാർനയം. ഇതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി കയർഫെഡ് സംഭരിയ്ക്കും ഈ കയർ ഉപയോഗിച്ച് നെയ്യുന്ന ചെറുകിട ഉല്പാദകരുടെ ഉല്പന്നം മുഴുവനും കയർ കോർപ്പറേഷൻ സംഭരിക്കും. ഇതിനായി ക്രയവില സ്ഥിരത ഫണ്ട് പദ്ധതി പ്രകാരം 2016-17ൽ വകയിരുത്തിയിരുന്ന 77 കോടി രൂപ കയർഫെഡിനും കയർ കോർപ്പറേഷനും നൽകിയിട്ടുണ്ട്. തൻമൂലം കയറിന്റെ സംഭരണം കയർഫെഡ് വഴിയും, ഉൽപ്പന്നങ്ങളുടെ സംഭരണം കയർ കോർപ്പറേഷൻ വഴിയും നടത്തുന്നതിന് കഴിയുന്നു.<br><br>കയർ സഹകരണ സംഘങ്ങളുടെ രണ്ടാം പുനസംഘടനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുന:സംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം |

| | |
|---|---|
| | കൂട്ടിച്ചേർക്കുന്നതാണ്. സംഘങ്ങൾക്ക് മൂന്ന് കോടി രൂപ മാനേജീരിയൽ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.<br><br>ചകിരി ഉൽപ്പാദനം വ്യാപിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS-ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റു മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>പ്രവർത്തനമൂലധനം നൽകുന്നതിന് 12 കോടി രൂപയും മുൻകാലങ്ങളിൽ കയർ സഹകരണ സംഘങ്ങൾക്ക് വിവിധ സ്കീമുകളിലായി ലഭിച്ച ഫണ്ടുകളിൽ മിച്ചമുള്ളത് പ്രവർത്തന മൂലധനമായി ഉപയോഗിക്കാൻ അനുവാദം നൽകുമെന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ കയർ സഹകരണ സംഘങ്ങളുടെ പുനസംഘടനയ്ക്കായി എൻസിഡിസി സഹായം തേടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ